11806
14/9/15



കേരള സർക്കാർ

നമ്പർ. 19010/എ 2/2014/സാ.നീ.വ.

സാമൂഹ്യനീതി (എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 18.08.2015.

<u>സർക്കുലർ</u>

വിഷയം :- സാമൂഹ്യനീതി വകുപ്പ് - 'ഓപ്പറേഷൻ വാത്സല്യ' - കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള തീവ്രയത്ന പരിപാടി - സംബന്ധിച്ച്.

സൂചന :-സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16.07.2015 ൽ ചേർന്ന യോഗതീരുമാനം.

കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി ഗാസിയാബാദിൽ ഓപ്പറേഷൻ സ്മൈൽ എന്ന ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി വിജയമായിരുന്നു. ഇതേ മാതൃകയിൽ കേരളത്തിലും ആഭ്യന്തര വകുപ്പും സാമൂഹ്യനീതി വകുപ്പും ചേർന്ന് മറ്റു സംഘടനകളുടെ സഹകരണത്തോടെ കാണാതായ കുട്ടികളെ കണ്ടെത്തുന്നതിന് വിശദമായ പരിശോധനയും അനുബന്ധ നടപടികളും സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് മുന്നോടിയായി സാമൂഹ്യനീതി വകുപ്പിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും 100 പോലീസ് ഓഫീസർമാർക്ക് കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ, <u>*www.trackthemissingchild.nic.in*</u> എന്ന വെബ്സൈറ്റ് എന്നിവ സംബന്ധിച്ച് പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. <u>ഇതു</u> സംബന്ധിച്ച് ഇനി സ്വീകരിയ്ക്കേണ്ട നടപടികൾ താഴെപ്പറയുന്നവയാണ്.

1. പരിശീലനം സിദ്ധിച്ച പോലീസ് ഓഫീസർമാരും, സാമൂഹ്യനീതി വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരും ചൈൽഡ് ലൈൻ പ്രവർത്തകരും ചേർന്ന് ഇതര സംസ്ഥാനങ്ങളിൽ നിന്നും കുട്ടികൾ എത്തിച്ചേരാൻ സാധ്യതയുള്ളതും താമസിക്കാൻ സാദ്ധ്യതയുള്ളതുമായ സ്ഥലങ്ങൾ പരിശോധിക്കേണ്ടതാണ്.

a) പ്രസ്തുത ടീം ഓരോ സ്റ്റേഷൻ പരിധിയിലും വരുന്ന അനാഥാലയങ്ങൾ സന്ദർശിച്ച് രജിസ്റ്ററിൽ പറഞ്ഞ കുട്ടികൾ ഉണ്ടോ എന്നും കുട്ടികൾ എല്ലാം രക്ഷിതാക്കൾ ഉള്ളവരാണോയെന്നും പരിശോധിക്കണം . വ്യക്തമായി മേൽവിലാസമില്ലാത്ത കുട്ടികളോ പൂർണ്ണമായ അനാഥരോ ഉണ്ടെങ്കിൽ അങ്ങനെയുള്ള കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കണം.

b)ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിൽ എത്തപ്പെട്ട മുഴുവൻ കുട്ടികളുടെയും രക്ഷിതാക്കളെ കണ്ടെത്താൻ ആവശ്യമായ നടപടികൾ എടുത്തു എന്ന് കളക്ടർ അദ്ധ്യക്ഷനും ജില്ലാ ശിശുസംരക്ഷണ ഓഫീസർ സഹാധ്യക്ഷനും ആയ കമ്മിറ്റി ഉറപ്പു വരുത്തണം.

c) പോലീസ്, ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ഉദ്യോഗസ്ഥർ, ചൈൽഡ് ലൈൻ പ്രവർത്തകർ എന്നിവർ ചേർന്ന് കുട്ടികൾ എത്തിച്ചേരാനും താമസിക്കാനും ഇടയുള്ള റെയിൽവേ സ്റ്റേഷൻ പരിസരങ്ങൾ (റെയിൽവേ പോലീസിന്റേയും ആർ. പി. എഫിന്റേയും സഹകരണത്തോടെ) ബസ് സ്റ്റാൻഡും പരിസരവും, പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ, മേൽപ്പാലപരിസരങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ പരിശോധിക്കണം. ശരിയായ വിലാസമില്ലാത്തതോ സംശയാസ്പദമായ രീതിയിലുള്ളതോ ആയ കുട്ടികളെ കണ്ടെത്തിയാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുന്നിൽ ഹാജരാക്കുകയും വെബ്സൈറ്റിൽ കുട്ടിയുടെ ഫോട്ടോയും പൂർണ്ണ വിവരങ്ങളും അപ് ലോഡ് ചെയ്യുകയും വേണം.

d) ഭിക്ഷാടകരോടൊപ്പം കാണുന്ന കുട്ടികളെ രക്ഷിക്കാൻ പ്രത്യേക ശ്രദ്ധ കാണിക്കണം. കുട്ടിയെ ഭിക്ഷയ്ക്ക് ഉപയോഗിക്കുന്ന പക്ഷം ബാലനീതി നിയമം വകുപ്പ് 24, ഇന്ത്യൻ ശിക്ഷാ നിയമം 363 A(a) , ട്രാവൻകൂർ ബെഗ്ഗറി പ്രിവൻഷൻ നിയമം, മദ്രാസ് ബെഗ്ഗറി പ്രിവൻഷൻ നിയമം തുടങ്ങിയവ ഉപയോഗിച്ച് കേസെടുക്കേണ്ടതും കുട്ടികളെ എത്രയും പെട്ടെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പിൽ ഹാജരാക്കേണ്ടതുമാണ്. കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാ പദ്ധതി (Individual Care Plan) രൂപപ്പെടുത്തി പുനരധിവാസം നടത്താൻ ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് നേതൃത്വം കൊടുക്കണം.

II. 2015 സെപ്റ്റംബർ 1 മുതൽ 30 വരെ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി നേതൃത്വം കൊടുക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയുടെ ഘടന ഇപ്രകാരമായിരിക്കും.

1. ജില്ലാ കളക്ടർ - അദ്ധ്യക്ഷൻ
2. ജില്ലാ പോലീസ് മേധാവി/മേധാവികൾ - സഹ അദ്ധ്യക്ഷൻമാർ
3. സെക്രട്ടറി/പ്രതിനിധി - ജില്ലാ നിയമസേവന അതോറിറ്റി
4. ചെയർമാൻ - ചൈൽഡ് വെൽഫെയർ കമ്മിറ്റി
5. എ. സി. പി/ഡി. വൈ. എസ്. പി - ഡി. സി. ആർ .ബി
6. സ്റ്റേഷൻ മാനേജർ - റെയിൽവേ
7. സ്റ്റേഷൻ മാനേജർ - കെ. എസ്. ആർ. ടി. സി
8. ജില്ലാ ഇൻഫർമേഷൻ ഓഫീസർ
9. ജില്ലാ സാമൂഹ്യനീതി ഓഫീസർ
10. ഡയറക്ടർ - ചൈൽഡ് ലൈൻ
11. ജില്ലാ ശിശു സംരക്ഷണ ഓഫീസർ - കൺവീനർ

a) ഓരോ ആഴ്ചയിലും കമ്മിറ്റി നടത്തിയ പ്രവർത്തനങ്ങളും നേട്ടങ്ങളും പോരായ്മകളും വിലയിരുത്തണം. യോഗ തീയതിയും സമയവും പദ്ധതിയുടെ തുടക്കത്തിൽ തന്നെ തീരുമാനിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് അപ്പപ്പോൾ പരിഹരിക്കണം.

b) ആകെ എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞെന്നും അതിൽ എത്ര കുട്ടികൾ കാണാതായ കുട്ടികൾ (missing children) ആണെന്നും ഉള്ള കൃത്യമായ കണക്കുകൾ പോലീസ് സ്റ്റേഷനുകളിൽ നിന്നും ശേഖരിച്ച് ജില്ലാ പോലീസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കണം. പ്രസ്തുത സ്ഥിതിവിവരകണക്ക് ജില്ലാ ശിശു സംരക്ഷണ ഓഫീസർ സാമൂഹ്യനീതി ഡയറക്ടർക്കും സമർപ്പിക്കണം.

III ഇതര സംസ്ഥാനക്കാരായ നിയമസാധുതയില്ലാതെ താമസിക്കുന്ന കുട്ടികളെയും കണ്ടെത്തുന്ന കുട്ടികളെയും കുട്ടിയുടെ ഉത്തമ താല്പര്യത്തിന് (Best interest of the child) വിധേയമായും നിയമാനുസൃതമായും എത്രയും പെട്ടെന്ന് തിരിച്ചയയ്ക്കാനുള്ള ഉത്തരവാദിത്വം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിനായിരിക്കും.

IV. ഒരു പോലീസ് സ്റ്റേഷനിൽ ഒരു കുട്ടിയെ കാണാതായതായി വിവരം ലഭിച്ചാൽ എത്രയും പെട്ടെന്ന് കുട്ടിയുടെ ഫോട്ടോയടക്കമുള്ള വിവരങ്ങൾ ***www.trackthemissingchild.nic.in*** എന്ന വെബ്സൈറ്റിൽ ഇടാൻ അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ തയ്യാറാവണം.

V. ചൈൽഡ് വെൽഫെയർ കമ്മിറ്റി വഴി എത്തുന്ന കുട്ടികളുടെ ഫോട്ടോ അടക്കം ചെയ്ത വിവരങ്ങൾ വെബ്സൈറ്റിൽ പ്രദർശിപ്പിക്കാൻ സ്ഥാപന സൂപ്രണ്ടിന് ഉത്തരവാദിത്വം ഉണ്ടായിരിക്കും.

VI. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഈ പദ്ധതിയുടെ നടത്തിപ്പ്, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കണം.

എ. ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

1 അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ്.
2. അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
3. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
4. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. മെമ്പർ സെക്രട്ടറി, കേരള ലീഗൽ സർവ്വീസ് അതോറിറ്റി, ഹൈക്കോടതി, കൊച്ചി.
7. മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
8. വെബ് & ന്യൂമീഡിയ ഐ &പിആർഡി
9. മാനേജിംഗ് ഡയറക്ടർ, കെ. എസ്. ആർ. ടി. സി, തിരുവനന്തപുരം.
10. സീനിയർ ഡിവിഷണൽ മാനേജർ, സതേൺ റെയിൽവേ ,തിരുവനന്തപുരം.
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ആഫീസർ.